**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 601 — 04.02.2020-ലെ മറുപടിയ്ക്ക്

## നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി.അൻവർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ നിർമ്മാണ പുരോഗതിയും,നിർമാണത്തിന്റെ എത്ര ശതമാനം പൂർത്തീകരിച്ചു എന്നും വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ 30% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട പവലിയൻ കെട്ടിടത്തിന്റെ ഫിനിഷിംഗ് പണികളും, ഫുട്ബോൾ ഗ്രൗണ്ടിന്റെ പണികളും പുരോഗമിച്ചു വരുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട മൾട്ടി പർപ്പസ് ഇൻഡോർ കോർട്ടിന്റെയും, പരിശീലന നീന്തൽ കുളത്തിന്റെയും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പദ്ധതി താമസിക്കുന്നതിൽ കായിക വകുപ്പിന് പങ്കുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | ഇൻഡോർ സ്റ്റേഡിയത്തിന്റെയും നീന്തൽകുളത്തിന്റെയും നിർമ്മാണം ആരംഭിക്കുന്നതിനു മുന്നോടിയായി സൈറ്റിൽ നിലവിലുള്ള 6 പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതുണ്ട്. ഇതിലേയ്ക്കായി നഗരസഭ മൂന്ന് തവണ ലേലം നടത്തിയിരുന്നുവെന്നും എന്നാൽ എസ്റ്റിമേറ്റ് തുകയെക്കാൾ ഉയർന്ന തുകയ്ക്ക് ലേലം കൊള്ളാൻ ആളില്ലാതിരുന്നതിനാൽ പൊളിച്ചുമാറ്റൽ നടപടികൾ നീണ്ടുപോകുന്നുവെന്നും പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. മാത്രമല്ല മേൽ പരാമർശിച്ച കെട്ടിടം കാലപ്പഴക്കം കാരണം അപകടാവസ്ഥയിലാണെന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | വിഷയം മലപ്പുറം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കായികയുവജനകാര്യ വകുപ്പ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധവും ആയതിനുള്ള ശ്രമങ്ങൾ നടത്തിവരികയുമാണ്. നിലവിലുള്ള കാലതാമസം മേൽപ്പറഞ്ഞ പ്രകാരമുള്ളതും ഇക്കാര്യത്തിൽ കായികയുവജനകാര്യ വകുപ്പിന് യാതൊരു പങ്കുമില്ലാത്തതുമാണ്. |
| (സി) | പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ മറികടക്കുന്നതിന് കായിക വകുപ്പും, തദ്ദേശ സ്വയം ഭരണ വകുപ്പും തമ്മിൽ ഉന്നതതല ധാരണയുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | നിലമ്പൂർ താലൂക്കിന്റെ സ്വപ്ന പദ്ധതിയായ നിലമ്പൂർ മിനി സ്റ്റേഡിയം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് അറിയിക്കാമോ? | (ഡി) | തടസ്സങ്ങൾ പരിഹരിച്ച് നിലമ്പൂർ താലൂക്കിന്റെ സ്വപ്ന പദ്ധതിയായ നിലമ്പൂർ മിനി സ്റ്റേഡിയം 2021 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**